അബ്കാരി ഇനത്തിൽ വരുമാനം

1233 [1974] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, സി.പി. ഗോവിന്ദൻ നമ്പ്യാർ:

,, എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1976.77, 1978.79 ഈ വർഷങ്ങളിൽ അബ്കാരി ഇനത്തിൽ സർക്കാരിനുണ്ടായ വരുമാനം എത്ര; ഓരോ ആണ്ടിലും ഭരണപരമായ കാര്യങ്ങൾക്ക് ചെലവായ തുക എത്ര; ഇത് വരുമാനത്തിന്റെ എത്ര ശതമാനം;

(ബി) ഈ കൊല്ലങ്ങളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് പരിഷ്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഏതെല്ലാം പദ്ധതികൾ അംഗീകരിച്ച് നടപ്പിലാക്കി; ചെലവായ തുക എത്ര?

ഉത്തരം

(എ) അബ്കാരി ഇനത്തിൽ ഗവൺമെന്റിന് ഉണ്ടായ വരുമാനം 1976.77 വർഷത്തിൽ 29.76 കോടി രൂപയും 1977.78-ൽ 36 കോടി രൂപയും 1978.79-ൽ കണക്കാക്കപ്പെട്ടിട്ടുള്ളത് 40 കോടി രൂപയും ആകുന്നു. ഭരണപരമായ കാര്യങ്ങൾക്ക് ടി വർഷങ്ങളിൽ ചെലവായ തുകയും വരുമാനത്തിന്റെ ശതമാനവും താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

1976.77	1977.78	1978.79
രൂപ	രൂപ	രൂപ
1,58,51,900	1,76,42,039	1,98,53,400
ie. 5.34%	ie. 4 89%	ie. 4.95%

(ബി) 1977.78 വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്കായി മൊത്തം 20 വാഹനങ്ങൾ വാങ്ങുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ഇതിന് ചെലവാകുമെന്നു കണക്കാക്കപ്പെട്ടിട്ടുള്ള തുക 10 ലക്ഷം രൂപയാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഭരണപരമായ സൗകര്യം പരിഗണിച്ച് സംസ്ഥാനത്തെ മൂന്നു മേഖലകളായി വിഭജിക്കുകയും ഓരോന്നും ഓരോ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ കീഴിലാക്കുകയും ചെയ്തു. കൂടാതെ 1978.79 വർഷത്തിൽ പുതിയതായി 5 സർക്കിളുകളും 15 റേഞ്ചുകളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ ചെലവുവിവരം ശേഖരിച്ചുവരുന്നു.

അനധികൃത മദ്യഷാപ്പുകൾ

1234 [1975] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലങ്ങളുടേയും പള്ളികളുടേയും മറ്റ് ആരാധനാ സ്ഥാപനങ്ങളുടേയും സമീപം മദ്യ വിൽപ്പനശാലകൾ നടത്തുന്നത് നിയമവിരുദ്ധമായിരിക്കെ അപ്രകാരമുള്ള മദ്യവിൽപ്പനശാലകൾ തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് കോട്ടയം ജില്ലയിൽനിന്നും വല്ല പരാതികളും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly